പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1840 01.11.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി യുടെ ഓഡിറ്റ് ചെയ്ത ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റ്**

ചോദ്യം

ഡോ.എം. കെ. മുനീർ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എന്നും അതീവ സാമ്പത്തിക പ്രതിസന്ധി മാത്രം പല്ലവിയായ കെ.എസ്.ആർ.ടി.സി യുടെ ഓഡിറ്റ് ചെയ്ത ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഏത് വർഷം വരെയുള്ളതാണ് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 2014-15 സാമ്പത്തിക വർഷം വരെയുള്ള കൺട്രോളർ & ആഡിറ്റർ ജനറലിന്റെ ആഡിറ്റ് ചെയ്ത ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് നിയമസഭയുടെ മേശപ്പുറത്ത് വെച്ചിട്ടുണ്ട്. |
| (ബി) | ഓഡിറ്റിംഗ് കഴിഞ്ഞ് സഭയിൽ ഇനി വയ്ക്കാനുള്ളത് ഏതെല്ലാം വർഷങ്ങളിലെ സ്റ്റേറ്റ്മെന്റുകളാണ്;പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ കൃത്യമായി വയ്ക്കാതെ അവിടത്തെ ഉദ്യോഗസ്ഥർ അതിന്റെ നടപടികൾ ബോധപൂർവ്വം വൈകിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (ബി) | 2015-16 സാമ്പത്തിക വർഷം മുതലുള്ള ഫൈനലൈസേഷൻസ് സ്റ്റേറ്റ്മെന്റുകൾ സഭയുടെ മേശപ്പുറത്ത് വെക്കാൻ പെൻഡിംഗ് ആയിട്ടുണ്ട്. ഉദ്യോഗസ്ഥർ നടപടികൾ ബോധപൂർവ്വം വൈകിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മുടക്കമുള്ള ഇത്തരം റിപ്പോർട്ടുകളും, ഓഡിറ്റിംഗ് പൂർത്തിയാക്കിയ ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളും വരുന്ന സമ്മേളനത്തിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ;വിശദമാക്കാമോ? | (സി) | 2015-16 സാമ്പത്തിക വർഷത്തെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഭരണസമിതിയുടെ പരിഗണനയിലാണ്. ആയത് കൺട്രോളർ & ആഡിറ്റർ ജനറലിന്റെ ആഡിറ്റിന് വിധേയമാക്കിയതിന് ശേഷമേ സഭയ്ക്ക് മുന്നിൽ വെയ്ക്കുന്നതിന് സാധിക്കുകയുള്ളൂ.<br>2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷത്തെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ തൊട്ട് മുൻ വർഷത്തെ ബുക്ക്സ് ഓഫ് അക്കൗണ്ട്സും കൺട്രോളർ & ആഡിറ്റർ ജനറലിന്റെ ആഡിറ്റ് ചെയ്ത ക്ലോസിംഗ് ബാലൻസും കിട്ടിയാൽ മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. മുടക്കമുള്ള റിപ്പോർട്ടുകൾ അടിയന്തിരമായി പൂർത്തിയാക്കാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**